# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*

No.55/PR/PIC/PHQ/18 Date : 07.03.2018

**ട്രാൻസ്ജെൻഡർ വിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമങ്ങൾ :**
**കർശന നടപടിക്ക് സംസ്ഥാന പോലീസ് മേധാവിയുടെ നിർദ്ദേശം.**

സംസ്ഥാനത്ത് ട്രാൻസ്ജെൻഡർ വിഭാഗക്കാർ അതിക്രമങ്ങൾക്ക് ഇരയാകുന്ന സംഭവങ്ങളിൽ കർശന നടപടി സ്വീകരിക്കണമെന്ന് സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹറ ജില്ലാ പോലീസ് മേധാവിമാർക്ക് നിർദ്ദേശം നൽകി. പല ജില്ലകളിലും തങ്ങൾക്ക് എതിരെ അതിക്രമങ്ങളും സ്വൈരജീവിതത്തിന് തടസ്സം ഉണ്ടാക്കുന്ന ഇടപെടലുകളും പലഭാഗത്തുനിന്നും ഉണ്ടാകുന്നുവെന്നും എന്നാൽ അവയ്ക്കെതിരെ പോലീസ് നിയമപരമായ നടപടി സ്വീകരിക്കുന്നില്ലെന്നും ട്രാൻസ്ജെൻഡർ വിഭാഗക്കാർ പരാതിപ്പെട്ട സാഹചര്യത്തിലാണ് സംസ്ഥാന പോലീസ് മേധാവിയുടെ ഉത്തരവ്. ചില സ്ഥലങ്ങളിലെങ്കിലും പോലീസിന്റെ ഭാഗത്തുനിന്നും അതിക്രമങ്ങൾ ഉണ്ടാകുന്നുവെന്ന വിമർശനവും ട്രാൻസ്ജെൻഡർ വിഭാഗക്കാർ ഉന്നയിച്ചിരുന്നു. സുപ്രീം കോടതി നിർദ്ദേശങ്ങളെ തുടർന്ന് ട്രാൻസ്ജെൻഡർ വിഭാഗക്കാരെ ഒരു പ്രത്യേക ലിംഗവിഭാഗമായി പ്രഖ്യാപിക്കുകയും അവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി ട്രാൻസ്ജെൻഡർ നയം രൂപീകരിക്കുകയും ചെയ്ത സംസ്ഥാനമാണ് കേരളം. എന്നാൽ ഇതിനു വിരുദ്ധമായി അവർക്കെതിരെ അതിക്രമങ്ങളും മോശം പെരുമാറ്റവും ഉണ്ടാകുന്നത് ആരോഗ്യപരമായ പ്രവണതയല്ല. അതിനാൽ അതിക്രമങ്ങൾ തടയുന്നതിനും അവരോട് മാന്യമായ പെരുമാറ്റം ഉറപ്പുവരുത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ജില്ലാ പോലീസ് മേധാവിമാർക്ക് സംസ്ഥാന പോലീസ് മേധാവി നിർദ്ദേശം നൽകി.

********